ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ നിരീക്ഷിക്കുന്നതിനായി എൻ.ഐ.സി.-യുടെ സഹായത്താൽ നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ സോഫ്റ്റ്വെയർ വികസിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയത് പ്രാവർത്തികമാകുന്നതോടെ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച എല്ലാ വിവരങ്ങളും എം.എൽ.എ.-മാർക്ക് തൽസമയം തന്നെ അറിയാൻ കഴിയുന്നതാണ്. കൂടാതെ ആസ്തി വികസന പദ്ധതിയിൻകീഴിൽ ലഭ്യമാകുന്ന ശിപാർശകൾ മാനദണ്ഡങ്ങൾക്കനുസൃതമായി പരിശോധിച്ച് ധനാനുമതി മാത്രമാണ് ധനകാര്യ വകുപ്പിൽ നിന്നും നൽകുന്നത്. ഇത് സംബന്ധിച്ച് ഭരണാനുമതി ബന്ധപ്പെട്ട ഭരണ വകുപ്പാണ് പുറപ്പെടുവിക്കുന്നത്. പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ചുള്ള വിവരങ്ങൾ അവലോകനം ചെയ്യേണ്ടതും ഭരണ വകുപ്പാണ്. എന്നാൽ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് സംവിധാനങ്ങളൊന്നും നിലവിലില്ല. ആസ്തി വികസന പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിനും ടി വിവരം എം.എൽ.എ.മാരെ യഥാസമയം അറിയിക്കുന്നതിനും ബന്ധപ്പെട്ട ഭരണവകുപ്പുകൾക്ക് നിർദ്ദേശം നൽകുന്നതാണ്.

ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച പ്രവൃത്തികൾ

122 (468) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഇതുവരെ എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചെന്ന് വെളിപ്പെടുത്താമോ ;

(ബി) ആസ്തി വികസന ഫണ്ടിൽ നിന്ന് നിർദ്ദേശിച്ച പ്രവൃത്തികൾക്ക് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രവൃത്തികൾ പെട്ടെന്ന് പൂർത്തീകരിക്കാൻവേണ്ടി ആസ്തി വികസന ഫണ്ട് ജില്ലാ കലക്ടർമാർക്ക് നൽകാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മാനദണ്ഡങ്ങൾക്കനുസരിച്ച് നിർദ്ദേശിക്കപ്പെടുന്ന പ്രവൃത്തികളുടെ ധനാനുമതിയും ഭരണാനുമതിയും നൽകി വേഗത്തിൽ തീർപ്പുകൽപ്പിക്കാറുണ്ട്. നിർദ്ദേശങ്ങൾ പരിശോധിക്കാനുള്ള എല്ലാ വിവരങ്ങളും ഫയലിൽ ലഭ്യമല്ലെങ്കിൽ അഥവാ വ്യക്ത മല്ലെങ്കിൽ അവ ശേഖരിച്ചതിനുശേഷം അനുമതി നൽകുന്നു. പ്രവൃത്തികൾ നടപ്പിലാ ക്കാനുള്ള കാലതാമസം ഒഴിവാക്കാനായി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതാണ്.

(സി) താരതമ്യേന വലിയ അടങ്കലുള്ള പ്രവൃത്തികളായതിനാൽ ജില്ലാ കളക്ടർമാർക്ക് ഫണ്ട് നൽകുന്നതിന് തൽക്കാലം ഉദ്ദേശിക്കുന്നില്ല.

ആസ്തി വികസന പദ്ധതിപ്രകാരമുള്ള കടിശ്ശിക

123 (469) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർക്ക് ബിൽ കടിശ്ശിക നൽകാനുണ്ടോ ;

(ബി) എങ്കിൽ ഏതു കാലയളവുവരെയുള്ള ബില്ലുകളാണ് ഇതുവരെ അനുവദി ച്ചിട്ടുള്ളത് ;

(സി) ഇനി എത്ര രൂപയുടെ ബിൽ കുടിശ്ശികയുണ്ട് ;

(ഡി) ആസ്തി വികസന പദ്ധതി പ്രകാരം പൂർത്തിയാക്കിയ പ്രവൃത്തികളുടെ ബില്ല് മാറുന്നതിന് എന്തെങ്കിലും മുൻഗണനയുണ്ടോ ; വിശദമാക്കുമോ ;

(ഇ) ആസ്തി വികസന പദ്ധതി പ്രകാരം പൂർത്തിയാക്കിയ പ്രവൃത്തികൾ എത്ര രൂപയുടെ ബില്ലുകൾ ഇതുവരെ മാറി നൽകിയിട്ടുണ്ട് ?

ഉത്തരം

(എ) നൽകാനുണ്ട്.

(ബി) പൊതുമരാമത്ത് ജലവിഭവവകുപ്പുകളിലെ 31-12-2013 വരെയുള്ള ബില്ലുകൾ മാറുന്നതിനുള്ള ലിറ്റർ ഓഫ് ക്രെഡിറ്റ് നൽകിയിട്ടുണ്ട്.

(സി) ഭരണ വകുപ്പിൽ നിന്ന് ധനകാര്യവകുപ്പിൽ ലഭിച്ച നിർദ്ദേശമനുസരിച്ച് പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പിൽ 1-1-2014 മുതൽ 30-11-2014 വരെ 1582.36 കോടി രൂപയും ഇതേ കാലയളവിൽ പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 411.71 കോടി രൂപയും ജലവിഭവ വകുപ്പിൽ 1-1-2014 മുതൽ 31-8-2014 വരെ 110.78 കോടി രൂപയും ഉൾപ്പെടെ ആകെ 2104.85 കോടി രൂപ കരാറുകാർക്ക് കുടിശ്ശികയായി കൊടുത്തുതീർക്കാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly